# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5160** **27/07/2015-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം ജില്ല യു.പി സ്കൂൾ അസിസ്റ്റന്റ് നിയമനം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഉമ്മർ** | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി-യിൽ നിന്ന് അഡ്വൈസ് ലഭിച്ച തിരുവനന്തപുരം ജില്ലയിലെ യു.പി സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) തിരുവനന്തപുരം പി.എസ്.സി ജില്ലാ ഓഫീസിൽ നിന്ന് ഡി.റ്റി.ബി (2) 927/09 തീയതി 26/12/2014-ലെ അഡ്വൈസ് തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറുടെ (വിദ്യാഭ്യാസം) കാര്യാലയത്തിൽ എന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കാമോ; | ബി) 02/01/2015-ൽ. |

സി) വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ചട്ടപ്രകാരം അഡ്വൈസ് ലഭ്യമായാൽ ഒഴിവുകൾ നികത്തേണ്ടതിന്റെ കാലപരിധി സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ;

സി) നിയമന ശുപാർശ ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ നിയമന ഉത്തരവ് നൽകണം എന്നതാണ് ചട്ടം.

ഡി) പി.എസ്.സി-യിൽ നിന്ന് അഡ്വൈസ് ലഭിച്ചാൽ മൂന്ന മാസത്തിനുള്ളിൽ നിയമനം നൽകണമെന്ന വ്യവസ്ഥ പ്രസ്തുത ഓഫീസ് പാലിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

ഇ) മേൽ സൂചിപ്പിച്ച അഡ്വൈസിൻമേൽ നിയമനം മരവിപ്പിച്ചുകൊണ്ട് ഉദ്യോഗ തലത്തിൽ സർക്കുലറുകളോ മറ്റ് ഏതെങ്കിലും പ്രത്യേക ഉത്തരവുകളോ, ഫയലിൻമേൽ കുറിപ്പുകളോ, നിലനിൽക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

എഫ്) ഇല്ലെങ്കിൽ DTB (2) 927/09 തീയതി 26/12/2014 നമ്പർ അഡ്വൈസിൻമേൽ നിയമനം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

ജി) ഇതിൻമേലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടി ഉദ്യോഗാർത്ഥികൾക്ക് എന്നത്തേക്ക് നിയമനം നൽകാൻ

ഡി), ഇ), എഫ്) & ജി) സംസ്ഥാനത്തെ സ്കൂളുകളിൽ 2010-11 അദ്ധ്യയന വർഷത്തിനു ശേഷം 2014-15-ലാണ് തസ്തിക നിർണ്ണയം നടത്തിയത്. 2014-15-ലെ തസ്തിക നിർണ്ണയം പ്രകാരം വിദ്യാർത്ഥികളുടെ കുറവ് മൂലം പ്രൈമറി വിഭാഗത്തിൽ 300-ൽ പരം അദ്ധ്യാപക തസ്തികകൾ നഷ്ടമായിട്ടുണ്ട്. ജില്ലയിൽ ഇപ്രകാരം അദ്ധ്യാപകർ അധികമായി നിലനിൽക്കുന്നതിനാലാണ് നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ സാധിക്കാത്തത്. എന്നാൽ, 2014-15-ലെ തസ്തിക നിർണ്ണയത്തിന് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവ് ബഹു.ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുന്നതും, ആയതിന്മേലുള്ള അപ്പീൽ കോടതിയുടെ പരിഗണനയിലുമാണ്. ആയതിനാൽ, പ്രസ്തുത കാലയളവിലെ തസ്തിക

| | |
|---|---|
| സാധിക്കും; അറിയിക്കാമോ? | നിർണ്ണയത്തിനുള്ള ആദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചാൽ മാത്രമേ യഥാർത്ഥത്തിലുള്ള അധിക അദ്ധ്യാപക തസ്തിക കണ്ടെത്താനും, പ്രസ്തുത അദ്ധ്യാപകരെ പുനർവിന്യസിക്കാനും സാധിക്കുകയുള്ളൂ. ആയതിന് ശേഷം മാത്രമേ നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ തീരുമാനം കൈക്കൊള്ളാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ